# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1314      06/03/2018 ൽ മറുപടിക്ക്

## ജീവന് ഭീഷണിയാകുന്ന പരസ്യ ബോർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്ജ്** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** കേരളത്തിലെ പ്രധാന വഴിയോരങ്ങളിലും, വലിയ കെട്ടിടങ്ങളിലും മറ്റും ജീവന് ഭീഷണിയാകും വിധം അപകടകരമായി വിവിധതരം പരസ്യ ബോർഡുകൾ നിയമവിരുദ്ധമായി സ്ഥാപിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | **എ)** ഉണ്ട് |
| **ബി)** ഇത് നിയമം മൂലം തടയുവാൻ നടപടി സ്വീകരിയ്ക്കുമോ ? | **ബി)** 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 275 -ാം വകുപ്പ് പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ അനധികൃതമായി സ്ഥാപിച്ച പരസ്യങ്ങൾ നീക്കംചെയ്യാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ 1999 ലെ കേരള മുനിസിപ്പൽ (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പ്രകാരവും നിയമവിരുദ്ധമായി സ്ഥാപിച്ച ബോർഡുകൾ നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കാം. കേരള പഞ്ചായത്ത് രാജ് ആക്ട് 209 സി വകുപ്പ് പ്രകാരം അനധികൃതമായ പരസ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം ഉണ്ട്. ടി ചട്ടങ്ങൾ പ്രകാരം അപകടകരമായ പരസ്യ ബോർഡുകൾ നീക്കം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ